Published on 22-02-18

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 113

# 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 113

# 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

270/2018.

# 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

## 1958-ലെ കേരള ഹൈക്കോടതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1958-ലെ കേരള ഹൈക്കോടതി ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—1958-ലെ കേരള ഹൈക്കോടതി ആക്റ്റിലെ (1959-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിന്റെ (13)-ാം ഖണ്ഡത്തിൽ,—

(i) (ബി) ഉപഖണ്ഡത്തിൽ "ഒരു ലക്ഷം രൂപ'' എന്ന വാക്കുകൾക്ക് പകരം "നാൽപ്പത് ലക്ഷം രൂപ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ജി) ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച്) മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ പുറപ്പെടുവിക്കുന്ന ഒരു അവാർഡിലോ.''.

3. <u>നിലവിലുള്ള അപ്പീലുകൾ, വ്യവഹാരങ്ങൾ, മറ്റു നടപടികൾ എന്നിവ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ</u>.—പ്രധാന ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ്മൂലം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 3-ാം വകുപ്പ് (13)-ാം ഖണ്ഡത്തിലെ (ബി), (എച്ച്) എന്നീ ഉപഖണ്ഡങ്ങളിലെ വ്യവസ്ഥകൾ ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് മുമ്പ് ആരംഭിച്ചതും തീർപ്പാക്കാതെ നിലവിലുള്ളതുമായ, അതതു സംഗതിപോലെ, എല്ലാ വ്യവഹാരങ്ങൾക്കും അപ്പീലുകൾക്കും മറ്റ് നടപടികൾക്കും 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റ് (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള നഷ്ടപരിഹാരത്തിനുവേണ്ടിയുള്ള അപേക്ഷകൾക്കും ബാധകമാകുന്നതും പ്രസ്തുത തീയതിയിൽ ഹൈക്കോടതിയുടെ രണ്ട് ജഡ്ജിമാരുള്ള ബഞ്ച് മുമ്പാകെ നിലവിലുള്ള, വ്യവഹാരങ്ങളിലോ മറ്റ് നടപടികളിലോ ഉൾപ്പെട്ട വിഷയവസ്തുവിന്റെ തുകയോ മൂല്യമോ നാൽപ്പതു ലക്ഷം രൂപയിൽ കവിയാത്ത, എല്ലാ അപ്പീലുകളും മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച അവാർഡുകളിൽ നിന്നുള്ള എല്ലാ അപ്പീലുകളും സിംഗിൾ ജഡ്ജിക്ക് കൈമാറേണ്ടതും തീർപ്പാക്കേണ്ടതുമാണ്:

എന്നാൽ, മേൽപ്പറഞ്ഞ വ്യവസ്ഥ പ്രധാന ആക്റ്റിന്റെ 5-ാം വകുപ്പിൻ കീഴിൽ രണ്ട് ജഡ്ജിമാരുള്ള ബഞ്ച് മുമ്പാകെ നിലവിലുള്ള അപ്പീലുകൾക്ക് ബാധകമാകുന്നതല്ല.

4. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ഓർഡിനൻസ് (2018-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1958-ലെ കേരള ഹൈക്കോടതി ആക്റ്റ് (1959-ലെ 5) 3-ാം വകുപ്പ് (13)-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം, ഏതെങ്കിലും വ്യവഹാരത്തിലെയോ മറ്റ് നടപടിയിലെയോ - വിഷയവസ്തുവിന്റെ തുകയോ മൂല്യമോ ഒരു ലക്ഷം രൂപയിൽ കവിയാത്തപക്ഷം അങ്ങനെയുള്ള വ്യവഹാരത്തിലോ മറ്റ് നടപടിയിലോ നിന്നുള്ള ഒറിജിനൽ ഡിക്രിയിൻമേലോ ഉത്തരവിൻമേലോ നിന്നുള്ള അപ്പീൽ കേൾക്കുന്നതിനുള്ള

ഹൈക്കോടതിയുടെ അധികാരം, ഹൈക്കോടതിയിലെ ഒരു സിംഗിൾ ജഡ്ജിക്ക് വിനിയോഗിക്കാവുന്നതാണ്. 1989-ലെ കേരള ഹൈക്കോടതി (ഭേദഗതി) ആക്റ്റ് (1989-ലെ 36), പ്രകാരം 1989-ൽ തന്നെ സിംഗിൾ ജഡ്ജിയുടെ അപ്പീൽ ആർത്ഥികാധികാരിതയുടെ പരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

2. 2013-ലെ കേരള സിവിൽ കോടതി (ഭേദഗതി) ആക്റ്റ് (2013-ലെ 26) മുഖേന 1957-ലെ കേരള സിവിൽ കോടതി ആക്റ്റിലെ (1957-ലെ 1) 11-ഉം 13-ഉം വകുപ്പുകൾ ഭേദഗതി ചെയ്യുകയും വ്യവഹാരത്തിലെ വിഷയവസ്തുവിന്റെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മുൻസിഫ് കോടതിയുടെ ആർത്ഥികാധികാരിത ഒരു ലക്ഷം രൂപയിൽ നിന്നും പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും വ്യവഹാരത്തിലെ വിഷയവസ്തുവിന്റെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കോടതിയുടെയും സബോർഡിനേറ്റ് ജഡ്ജസ് കോടതിയുടെയും അപ്പീൽ ആർത്ഥികാധികാരിത രണ്ട് ലക്ഷം രൂപയിൽ നിന്നും ഇരുപത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഹൈക്കോടതിയിലെ സിംഗിൾ ജഡ്ജിയുടെ ആർത്ഥികാധികാരിത വർദ്ധിപ്പിച്ചിരുന്നില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സിംഗിൾ ജഡ്ജിയുടെ അപ്പീൽ ആർത്ഥികാധികാരിത ഒരു ലക്ഷം രൂപയിൽ നിന്നും നാൽപ്പത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

3. മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണലുകൾ പുറപ്പെടുവിക്കുന്ന ഒരു ലക്ഷം രൂപയിൽ കവിയുന്ന മൂല്യമുള്ള അവാർഡുകളിൽ നിന്നുള്ള അപ്പീലുകൾ രണ്ട് ജഡ്ജിമാരുള്ള ബഞ്ചാണ് ഇപ്പോൾ കേൾക്കുന്നതെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടുകയും അപ്പീലിന്റെ മൂല്യം കണക്കിലെടുക്കാതെ, മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണലുകൾ പുറപ്പെടുവിക്കുന്ന അവാർഡുകളിൽനിന്നുള്ള എല്ലാ അപ്പീലുകളും കേൾക്കുന്നതിന് സിംഗിൾ ജഡ്ജിയെ അധികാരപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

4. ബഹു. കേരള ഹൈക്കോടതിയുടെ, വത്സല അഭി സരോജിനി പ്രഭു [ഐഎൽ.ആർ.2014 (3) 284] എന്ന വിധിന്യായം കണക്കിലെടുത്തുകൊണ്ട്, അപ്പീൽ ഫോറങ്ങൾ മാറുമ്പോൾ ഉണ്ടായേക്കാവുന്ന സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനായി, ഈ ബിൽ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ, ഈ ഭേദഗതി ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് മുൻപ് ആരംഭിച്ചതും തീർപ്പാക്കാൻ നിലവിലുള്ളതുമായ, അതതു സംഗതിപോലെ, എല്ലാ വ്യവഹാരങ്ങൾക്കും അപ്പീലുകൾക്കും മറ്റ് നടപടികൾക്കും 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റ് (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള നഷ്ടപരിഹാരത്തിനുവേണ്ടിയുള്ള അപേക്ഷകൾക്കും ബാധകമാക്കുന്നതിനും രണ്ട് ജഡ്ജിമാരുള്ള ബഞ്ച് മുമ്പാകെ നിലവിലുള്ള

വിഷയവസ്തുവിന്റെ മൂല്യം നാൽപ്പതു ലക്ഷം രൂപയിൽ കവിയാത്ത അപ്പീലുകളും, മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച അവാർഡുകളിൽ നിന്നുള്ള എല്ലാ അപ്പീലുകളും സിംഗിൾ ജഡ്ജിക്ക് കൈമാറുന്നത് സാധ്യമാക്കുന്നതിനുമായി ഒരു പ്രത്യേക വ്യവസ്ഥ ചേർക്കുന്നതിനും സർക്കാർ തീരുമാനിച്ചു.

5. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ കേരള ഹൈക്കോടതി (ഭേദഗതി) ഓർഡിനൻസ് 2017 ഡിസംബർ 14-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017-ലെ 30-ാം നമ്പർ ഓർഡിനൻസായി 2017 ഡിസംബർ 15-ാം തീയതിയിലെ 2744-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 87 ആയി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ഓർഡിനൻസ് 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018-ലെ 3-ാം നമ്പർ ഓർഡിനൻസായി 2018 ഫെബ്രുവരി 12-ാം തീയതിയിലെ 335-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. 2018-ലെ 3-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ

(ശരിത്തർജ്ജമ)

## 1958-ലെ കേരള ഹൈക്കോടതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1959-ലെ 5-ാം ആക്റ്റ്)

** ** ** **

3. സിംഗിൾ ജഡ്ജിയുടെ അധികാരങ്ങൾ.—ഒരു സിംഗിൾ ജഡ്ജിക്ക് ഇനിപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ഹൈക്കോടതിയുടെ അധികാരങ്ങൾ വിനിയോഗിക്കാവുന്നതാണ്, എന്നാൽ, ഏത് ജഡ്ജിയുടെ മുമ്പാകെയാണോ വിഷയം കേൾക്കുവാനായി നല്കിയിട്ടുള്ളത് ആ ജഡ്ജിക്ക് അത് രണ്ട് ജഡ്ജിമാരുള്ള ഒരു ബെഞ്ച് കേൾക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി മറ്റൊരു ദിവസത്തേക്ക് നീട്ടിവയ്ക്കാവുന്നതാണ്: —

(1) അധികാരിതയുള്ള വിവിധ കോടതികളിൽ ഏതിലാണ് ഒരു വ്യവഹാരം കേൾക്കേണ്ടതെന്ന് തീരുമാനിക്കൽ.

** ** ** **

(13) (എ) അപ്പീൽവാദിയെയോ അയാളോടൊപ്പം വിചാരണ ചെയ്തിട്ടുള്ള ഒരാളെയോ വധശിക്ഷക്കോ ജീവപര്യന്തം തടവിനോ വിധിക്കപ്പെട്ടിട്ടുള്ള സംഗതികളിലൊഴികെ ഒരു ക്രിമിനൽ കോടതിയുടെ വിധിന്യായത്തിലോ ഉത്തരവിലോ:

എന്നാൽ അങ്ങനെയുള്ള അധികാരം വിനിയോഗിക്കുമ്പോൾ ഒരു സിംഗിൾ ജഡ്ജി വധശിക്ഷയോ ജീവപര്യന്തം തടവോ നല്കുവാൻ പാടുള്ളതല്ല;

(ബി) വ്യവഹാരത്തിലെയോ മറ്റ് നടപടികളുടെയോ വിഷയവസ്തുവിന്റെ തുകയോ മൂല്യമോ ഒരു ലക്ഷം രൂപയിൽ കവിയാത്തിടത്ത്, ഏതെങ്കിലും വ്യവഹാരത്തിന്റെയോ മറ്റ് നടപടിയിലെയോ ഒറിജിനൽ ഡിക്രിയിലോ ഉത്തരവിലോ;

(സി) അങ്ങനെയുള്ള അപ്പീൽ, കോടതിചെലവുകളുമായി മാത്രം ബന്ധപ്പെട്ടിരിക്കുമ്പോൾ, ഒറിജിനൽ ഡിക്രിയിലോ;

(ഡി) 1908-ലെ സിവിൽ നടപടി നിയമസംഹിതയുടെ 104-ാം വകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള, എന്നാൽ പ്രസ്തുത നിയമസംഹിതയിലെ ഇതേ വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ (എച്ച്) ഖണ്ഡത്തിലോ ഒന്നാം പട്ടികയിലെ ഓർഡർ XLIII, 1-ാം ചട്ടത്തിലെ (സി), (ഡി) അല്ലെങ്കിൽ (ജെ) എന്നീ ഖണ്ഡങ്ങളിലോ പറഞ്ഞിരിക്കുന്ന തരത്തിലുള്ള ഉത്തരവോ ഒഴികെയുള്ള, ഒരു ഉത്തരവിൽ;

(ഇ) അപ്പലേറ്റ് ഡിക്രിയിലോ ഉത്തരവിലോ;

(എഫ്) 1955-ലെ ഇൻസോൾവൻസി ആക്ററിന്റെ 79 (3)-ാം വകുപ്പ് പ്രകാരമുള്ളവയിൽ ;

(ജി) 1898-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 476 ബി വകുപ്പ് പ്രകാരമുള്ളവയിൽ ;

നിന്നുള്ള ഒരു അപ്പീൽ.

** ** ** **